# കുടുംബശ്രീ

വാർത്താപത്രിക

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

ലക്കം 45 | 2013 ജൂൺ | www.kudumbashree.org


**കുടുംബശ്രീ 15 – ാം സംസ്ഥാനതല വാർഷികം**

# സ്ത്രീശക്തിയുടെ ചരിത്ര സംഗമം



*കുടുംബശ്രീ15–ാം സംസ്ഥാനതല വാർഷികാഘോഷങ്ങളുടെ സമാപന സമ്മേളനം കോഴിക്കോട് സ്വപ്നനഗരിയിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു*

സ്ത്രീകളുടെ സംഘശക്തി വിളംബരം ചെയ്ത മുപ്പതിനായിരത്തിലധികം വരുന്ന കുടുംബശ്രീ പ്രവർത്തകരെ സാക്ഷി നിർത്തി കോഴിക്കോട് ജില്ലയിലെ സ്വപ്നനഗരിയിൽ കുടുംബശ്രീ പതിനഞ്ചാം സംസ്ഥാനതല വാർഷികാഘോഷങ്ങൾക്ക് പ്രൗഢഗംഭീരമായ സമാപനം. കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിനായി കഠിനാദ്ധ്വാനവും ആത്മവിശ്വാസവും കൈമുതലാക്കി മുന്നേറി കേരളത്തിന്റെ വികസന ഭൂപടത്തിൽ തങ്ങളുടെ സ്ഥാനം അടയാളപ്പെടുത്തിയ സ്ത്രീകളുടെ സംഗമവേദിയായി സ്വപ്നനഗരി മാറിയപ്പോൾ അത് സ്ത്രീകൂട്ടായ്മയുടെ കരുത്തുറ്റ കാഴ്ചയായി മാറി.

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിയിലൂടെ ഒരു വർഷത്തിനുള്ളിൽ ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനുള്ള കുടുംബശ്രീയുടെ ബൃഹത്തായ പ്രവർത്തന ക്യാമ്പെയ്നു തുടക്കം കുറിച്ചതാണ് ഈ വർഷം കുടുംബശ്രീ വാർഷികത്തിന്റെ പ്രത്യേകത. ഉപജീവന തൊഴിലിന് അർഹതയുള്ളവരെയും തൊഴിൽ ദാതാക്കളെയും തൊഴിൽ സംരംഭ സാധ്യതകളെയും കണ്ടെത്തുന്നതിനുള്ള വികസന ക്യാമ്പെയ്നുകൾക്കാണ് കുടുംബശ്രീ തുടക്കം കുറിച്ചത്. ഇതിന്റെ ഭാഗമായി കുടുംബശ്രീ വാർഷികാഘോഷങ്ങളോടനുബന്ധിച്ച് സംസ്ഥാനത്തെ 1072 സി.ഡി.എസ് ചെയർപേഴ്സൺമാർക്കായി സംഘടിപ്പിച്ച വികസന പാഠശാലയിലൂടെ മൂന്നു ദിവസത്തെ പരിശീലനം നല്കിയത് പുതിയൊരു ചരിത്രമായി.

കുടുംബശ്രീ സംസ്ഥാന ജില്ലാതല ഉദ്യോഗസ്ഥരാണ് വികസന പാഠശാലയ്ക്ക് നേതൃത്വം നല്കിയത്. ഉപജീവന വികസനം, സാമൂഹ്യക്ഷേമ വികസനം,സംഘടനാ വികസനം എന്നീ മൂന്ന് തലങ്ങളിലെ പുതിയ ഇടപെടൽ സാദ്ധ്യതകളാണ് വികസന പാഠശാലയിൽ ചർച്ച ചെയ്തത്. സമൂഹത്തിലെ ദരിദ്രവിഭാഗത്തിന്റെ ഉപജീവനം,സാമൂഹ്യസുരക്ഷ എന്നിവ ഉറപ്പു വരുത്തുന്നതിനുള്ള സുശക്തമായ കർമപദ്ധതികൾ രൂപീകരിച്ചു കൊണ്ടാണ് വികസന പാഠശാല അവസാനിച്ചത്.

മെയ് 10 മുതൽ 19 വരെ നീണ്ടു നിന്ന ഉല്പന്ന വിപണന ഭക്ഷ്യമേളയും നിരവധി കലാസാംസ്കാരിക പരിപാടികളും ഉൾപ്പെട്ട വാർഷിക സംഗമം നഗരത്തിനു നല്കിയത് ആസ്വാദനത്തിന്റെ പുതിയ മാനങ്ങൾ.

ഉല്പന്ന വിപണന ഭക്ഷ്യമേളയുടേയും കലാസാംസ്കാരിക പരിപാടികളുടേയും മുന്നിലും പിന്നിലും ഒരുമയോടെ കൈകോർത്ത സ്ത്രീ സാന്നിദ്ധ്യം ഏവരുടേയും പ്രശംസ പിടിച്ചുപറ്റി.

രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗത്തെ നിരവധി പ്രമുഖരാണ് വാർഷികാഘോഷങ്ങളോടനുബന്ധിച്ചുള്ള പരിപാടികളിൽ പങ്കെടുത്തത്.

**(കൂടുതൽ റിപ്പോർട്ടുകളും ചിത്രങ്ങളും ഉൾപേജുകളിൽ)**

## കുടുംബശ്രീയെ രാജ്യവ്യാപകമാക്കുകയാണ് ലക്ഷ്യം: മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി



*കുടുംബശ്രീ15–ാം സംസ്ഥാനതല വാർഷികാഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സംസാരിക്കുന്നു*

കേരളത്തിൽ വിജയം വരിച്ച കുടുംബശ്രീയെ രാജ്യവ്യാപകമാക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. ഇതിന് കേന്ദ്രസർക്കാരിനെക്കൊണ്ട് കഴിയാവുന്നതെല്ലാം ചെയ്യിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. കുടുംബശ്രീയുടെ 15–ാംവാർഷികാഘോഷങ്ങളുടെ സമാപന സമ്മേളനം കോഴിക്കോട് സ്വപ്നനഗരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

15 വർഷം കൊണ്ട് കേരളം നെഞ്ചേറ്റിക്കഴിഞ്ഞ കുടുംബശ്രീ ഇപ്പോൾ തന്നെ രാജ്യത്തിന് മാതൃകയായിട്ടുണ്ട്. പല സംസ്ഥാനങ്ങളും കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ അവരുടെ സംസ്ഥാനത്ത് പ്രാവർത്തികമാക്കിത്തുടങ്ങിയിട്ടുണ്ട്. പലരും കുടുംബശ്രീമാതൃക പഠിക്കാൻ വന്നുകൊണ്ടിരിക്കുന്നു. പാവപ്പെട്ടവരുടെ സാമൂഹ്യ- സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിലും സ്ത്രീ ശാക്തീകരണ രംഗത്തും ലോകത്തിന് തന്നെ മാതൃകയാക്കാവുന്ന പ്രസ്ഥാനമാണ് കുടുംബശ്രീയെന്നും മുഖ്യമന്ത്രി പറഞ്ഞു. ദാരിദ്ര്യ നിർമാർജനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ രൂപം നല്കിയ കുടുംബശ്രീ 15 വർഷം പിന്നിടുമ്പോൾ രാജ്യത്തേയും ഒരു പക്ഷേ ലോകത്തെ തന്നെയും ഏറ്റവും ശക്തവും സുസംഘടിതവുമായ സ്ത്രീ സംഘടാനാ സംവിധാനമായി മാറിയിട്ടുണ്ട്. സാമ്പത്തിക ശാക്തീകരണം സാമൂഹിക ശാക്തീകരണം, സ്ത്രീ ശാക്തീരണം എന്നീ ത്രിമുഖ പരിപാടികളോടെ സാമൂഹിക പരിവർത്തനത്തിന്റെ ചാലക ശക്തിയായി മാറിക്കൊണ്ടിരിക്കുകയാണ് ഇന്ന് കുടുംബശ്രീ. കുടുംബശ്രീയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ തുക ബജറ്റിൽ വകയിരുത്തിക്കൊണ്ടാണ് കേരള സർക്കാർ കുടുംബശ്രീയോടുള്ള അതിന്റെ പ്രതിബദ്ധതയും ഐക്യദാർഢ്യവും ഉറപ്പിച്ചിരിക്കുന്നത്. 116 കോടി രൂപയാണ് ഇക്കൊല്ലം കുടുംബശ്രീക്ക് അനുവദിച്ചിരിക്കുന്നത്. കുടുംബശ്രീ വഴി കേരളത്തിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾക്കുള്ള തുക കൂട്ടിച്ചേർത്ത് 280 കോടി രൂപയാണ് ഇക്കൊല്ലത്തെ ബജറ്റ്. മറ്റൊരു സർക്കാരിനും അവകാശപ്പെടാൻ കഴിയാത്തതാണ് ഈ നേട്ടമെ

**രണ്ടാംപേജ് കാണുക ⇨**

### കുടുംബശ്രീയിൽ ജോലി ചെയ്യാൻ മോഹം: ഹരിത വി. കുമാർ



സിവിൽ സർവീസിൽ കയറിയാൽ കുടുംബശ്രീ മിഷനിൽ ജോലി ചെയ്യാനാണ് താല്പര്യമെന്ന് അഖിലേന്ത്യാ സിവിൽ സർവീസ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ഹരിത വി.കുമാർ പറഞ്ഞു. ഗാന്ധി പീസ് ഫൗണ്ടേഷൻ ശ്രീചിത്രഹോമിൽ നടത്തിയ മുഖാമുഖത്തിൽ കുട്ടികളുടെ ചോദ്യത്തിനു മറുപടി പറഞ്ഞപ്പോഴാണ് തന്റെയുള്ളിലെ ആഗ്രഹം വ്യക്തമാക്കിയത്. സാധാരണക്കാരുടെ പ്രശ്നങ്ങളിൽ സത്യസന്ധമായും സജീവമായും ഇടപെടാനുള്ള ശ്രമം നടത്തുമെന്നും ഹരിത വി.കുമാർ വ്യക്തമാക്കി.

### കുഞ്ഞമ്മചേച്ചി




ഉപജീവന തൊഴിലിന് അർഹതയുള്ളവരെയും തൊഴിൽദാതാക്കളെയും തൊഴിൽ സംരംഭ സാധ്യതകളെയും കണ്ടെത്തുന്നതിനുള്ള വികസന ക്യാമ്പെയ്നുകൾക്ക് കുടുംബശ്രീ തുടക്കം കുറിച്ചു

## 12 കോടി രൂപയുടെ ഭവനശ്രീ വായ്പകൾ എഴുതിത്തള്ളും: ധനമന്ത്രി കെ എം മാണി

സംസ്ഥാനത്തെ കുടുംബശ്രീ പ്രവർത്തകരെടുത്ത 12 കോടി രൂപയുടെ ഭവനശ്രീ വായ്പകൾ എഴുതിത്തള്ളുമെന്ന് ധനമന്ത്രി കെ.എം മാണി. കുടുംബശ്രീ 15–ാം വാർഷികാഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ സമ്പൂർണ അയൽക്കൂട്ട പ്രഖ്യാപനവും മികച്ച ലിങ്കേജ് നല്കിയ ബാങ്കിനുള്ള അവാർഡ് ദാനവും നടത്തുകയായിരുന്നു ധനമന്ത്രി. കുടുംബശ്രീ പ്രവർത്തകർക്ക് ഒരു പ്രചോദനമാകുവാനാണ് സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും ഇത്രയും വലിയൊരു തുക എഴുതിത്തള്ളാൻ കേരള സർക്കാർ തയ്യാറാകുന്നതെന്നും മന്ത്രി പറഞ്ഞു.

കേരളത്തിലെ സ്ത്രീ സമൂഹത്തിന് അത്താണിയായി മാറാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. കേരളം കണ്ട ഏറ്റവും വലിയ സ്ത്രീ കൂട്ടായ്മയാണിത്. കുടുംബശ്രീ പ്രവർത്തകർ ഓരോരുത്തരും കുടുംബത്തിന്റെ വിളക്കുകളാണ്. സ്ത്രീകൾക്ക് സ്വാശ്രയത്വബോധവും സംഘടനാ ശക്തിയും നൽകാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം സ്വയം തൊഴിൽ വികസനത്തിനും കുടുംബശ്രീ മുന്നിട്ടിറങ്ങുന്നുണ്ട്. കേരളത്തിലെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് സ്വയം തൊഴിൽവികസനത്തിലൂടെ മാത്രമേ കഴിയുകയുള്ളൂ. വീട്ടമ്മമാരായ സ്ത്രീകൾക്ക് സ്വന്തം വീട്ടുമുറ്റത്ത് തന്നെ തൊഴിൽ നല്

**മൂന്നാംപേജ് കാണുക ⇨**



*അയൽക്കൂട്ടങ്ങൾക്ക് മികച്ച ലിങ്കേജ് നല്കിയ ബാങ്കുകൾക്കുള്ള അവാർഡ് ധനമന്ത്രി കെ.എം.മാണി സമ്മാനിക്കുന്നു*

ഒന്നാംപേജ് തുടർച്ച ⇨

ന്നും മുഖ്യമന്ത്രി പറഞ്ഞു. ആശ്രയ പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി അടുത്ത വർഷം 500 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കാൻ തീരുമാനമായിട്ടുണ്ട്. ഇതുവരെ പദ്ധതിയിൽ പെടാത്തവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തി അവരെ പദ്ധതിയിൽ പെടുത്താൻ വേണ്ട കാര്യങ്ങൾ ചെയ്യണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ 'ആജീവിക' ദേശീയ ഗ്രാമീണ ഉപജീവന മിഷൻ രണ്ടാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം കെ മുനീർ അധ്യക്ഷത വഹിച്ചു. സംസ്ഥാനത്തിന്റേയും രാജ്യത്തിന്റെയും വരെ അതിർത്തി കടന്ന് കുടുംബശ്രീ ലോകത്തിന് തന്നെ മാതൃകയാവാൻ പോവുകയാണെന്ന് മന്ത്രി മുനീർ പറഞ്ഞു.



കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി.വൽസല കുമാരി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. വൃക്ക രോഗികളെ സഹായിക്കുന്നതിനായി ജില്ലാപഞ്ചായത്തിന്റെ സ്നേഹസ്പർശം പദ്ധതിയിലേക്ക് കോഴിക്കോട് ജില്ലയിലെ കുടുംബശ്രീ പ്രവർത്തകർ സമാഹരിച്ച ഒരു കോടി രൂപ ജില്ലാ മിഷൻ ടീം അംഗങ്ങൾ മുഖ്യമന്ത്രിക്കു കൈമാറി. തുടർന്ന് മുഖ്യമന്ത്രിയിൽ നിന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല തുക ഏറ്റുവാങ്ങി.

മികച്ച നഗര സി.ഡി.എസുകൾക്കുള്ള അവാർഡ് ദാനം മന്ത്രി പി. കെ. ജയലക്ഷ്മിയും മികച്ച ഗ്രാമ സി.ഡി.എസുകൾക്കുള്ള അവാർഡ് ദാനം എം.ഐ.ഷാനവാസ് എം.പിയും നിർവഹിച്ചു.

മികച്ച ലിങ്കേജ് നൽകിയ ഇന്ത്യൻ ഓവർസീസ് ബാങ്ക്, ഇന്ത്യൻ ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, പലിശ സബ്സിഡി പ്രകാരം അയൽക്കൂട്ടങ്ങൾക്കും സംഘകൃഷി ഗ്രൂപ്പുകൾക്കും മികച്ച പിന്തുണ നല്കിയ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കാനറാ ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, സംഘകൃഷി ഗ്രൂപ്പുകൾക്ക് മികച്ച പിന്തുണ നല്കിയ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ ബാങ്കുകൾക്കുമുള്ള അവാർഡ് ദാനം ധനമന്ത്രി കെ എം മാണി നിർവഹിച്ചു.

സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകൾ മുഖേന കുടുംബശ്രീ സംവിധാനത്തിന് ലഭ്യമായിട്ടുള്ള ലിങ്കേജ് വായ്പ, സബ്സിഡി വായ്പ, ജെ.എൽ.ജി വായ്പ മൈക്രോ സംരംഭ വായ്പ എന്നിവയുടെ അടിസ്ഥാനത്തിൽ കേരളാ സംസ്ഥാന സഹകരണ ബാങ്കിനെ ധനമന്ത്രി കെ.എം.മാണി ആദരിച്ചു.

മൈക്രോ സംരംഭങ്ങൾക്ക് മികച്ച പിന്തുണ നല്കിയ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ ബാങ്കുകൾക്ക് എം.കെ.രാഘവൻ എം.പി അവാർഡ് നല്കി.

കർഷക സഹായകകേന്ദ്രം ഉദ്



ഘാടനം താമരശ്ശേരി സി.ഡി.എസിന് പുല്ലുവെട്ടിയന്ത്രവും സ്പ്രേയറും നല്കി കൃഷിമന്ത്രി കെ പി മോഹനൻ നിർവ്വഹിച്ചു. ബഡ്സ് പുനരധിവാസ കേന്ദ്രത്തിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

ഒരു ലക്ഷം പേർക്ക് ഉപജീവന തൊഴിൽ ക്യാമ്പെയ്ൻ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു. സംസ്ഥാന തല നാടകമത്സരങ്ങൾക്കുള്ള അവാർഡ് ദാനം കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം സുഹറ മമ്പാട് നിർവഹിച്ചു.

ഹരിതശ്രീ കാർഷികജോലിക്കിടയിൽ അപകടത്തിൽ മരിച്ച കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് പഞ്ചായത്തിലെ കിഴക്കയിൽമിത്തൽ സുജാതയുടെ കുടുംബത്തിന് കുടുംബശ്രീയുടെ ഒരു ലക്ഷം രൂപ ധനസഹായം മന്ത്രി പി.കെ ജയലക്ഷ്മി നല്കി. കുടുംബശ്രീ വാർത്താ പത്രിക പ്രത്യേക പതിപ്പ് എം ഐ ഷാനവാസ് എം പി കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം അഡ്വ.ബിന്ദുകൃഷ്ണയ്ക്കു നല്കി പ്രകാശനം ചെയ്തു.



മികച്ച ജില്ലാതല സി.ഡി.എസുകൾക്കുള്ള പുരസ്കാരം കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം അഡ്വ.എൻ.എ ഖാലിദും ഗവേണിംഗ് ബോഡി അംഗം അഡ്വ.ബിന്ദുകൃഷ്ണയും സമ്മാനിച്ചു.

എം കെ രാഘവൻ എം പി, എം ഐ ഷാനവാസ് എം പി, സി പി ജോൺ, കാനത്തിൽ ജമീല, ഉമ്മർ പാണ്ടികശാല, സൂപ്പി നരിക്കാട്ടേരി, ബിജു താന്നിക്കാക്കുഴി തുടങ്ങിയവർ സംസാരിച്ചു. ഫിഷീസ്-തുറമുഖ-എക്സൈസ് വകുപ്പ് മന്ത്രി കെ.ബാബു, കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ അഡ്വ.എൻ.എ ഖാലിദ്, എസ്.പി.കുഞ്ഞഹമ്മദ്, ഗവേണിംഗ് ബോഡി അംഗങ്ങളായ അഡ്വ.ബിന്ദുകൃഷ്ണ, ഹസീന താജുദ്ദീൻ, എം.അബ്ദുള്ളക്കുട്ടി, ഷേർളി സ്റ്റീഫൻ, രാജേന്ദ്രൻ അരങ്ങത്ത്, കെ.ലീല, പ്രഫ.കൊച്ചു ത്രേസ്യ, സുരേഷ് കുമാർ, ജോൺ പൂതക്കുഴി, എം.സി.മായിൻ ഹാജി, എം.എ.റസാഖ് മാസ്റ്റർ, കെ.സിനി എന്നിവർ പങ്കെടുത്തു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ ബി വത്സലകുമാരി സ്വാഗതവും ജില്ലാ മിഷൻ കോഡിനേറ്റർ കെ കെ മുഹമ്മദ് ഫൈസൽ നന്ദിയും പറഞ്ഞു.

# ഇന്ന് ഞാൻ...



## കുടുംബശ്രീ എന്റെ രക്ഷക

എന്റെ പേര് മായാ ശശിധരൻ. ഒരു നിർദ്ധന കുടുംബത്തിലെ മൂന്നാമത്തെ മകളായി കഷ്ടപ്പാടുകൾക്ക് നടുവിലായിരുന്നു എന്റെ ജീവിതം. പതിനെട്ട് വയസിൽ എന്റെ വിവാഹം കഴിഞ്ഞു. പക്ഷേ ഭർത്താവിന്റെ സുഖമില്ലാതിരുന്ന സഹോദരിയെ നോക്കാൻ വേണ്ടിയായിരുന്നു സ്ത്രീധനമൊന്നും ആവശ്യപ്പെടാതെ എന്നെ വിവാഹം കഴിച്ചുകൊണ്ട് പോയത് എന്നു ഞാനറിയുന്നത് അവിടെ ചെന്നതിനു ശേഷമാണ്.

കഷ്ടപ്പാടും വേദനയുമായിരുന്നു അവിടെയും എന്നെ കാത്തിരുന്നത്. ഒൻപത് മക്കളിൽ ആറു മക്കളും അപമൃത്യുവിനിരയായതിന്റെ വേദനയിൽ മാനസികനില തെറ്റിയ അമ്മയും മൂന്നു സഹോദരൻമാരും ചേട്ടത്തിയമ്മയും അച്ഛനും അടങ്ങുന്ന ഒരു വലിയ കുടുംബമായിരുന്നു അത്. ഭർത്താവിന്റെ വീട്ടിൽ തറവാട് അനിയനും മറ്റൊരു വീട് ചേട്ടനുമായിരുന്നു. അതുകൊണ്ട് ഞങ്ങൾക്ക് വാടക വീട്ടിലേക്ക് മാറേണ്ടി വന്നു. അവിടെ താമസിച്ചുകൊണ്ടാണ് ഞാൻ കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് പോയിരുന്നത്.

വാടകവീട്ടിൽ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ വന്നിരുന്നത് വീട്ടുടമസ്ഥന് ഇഷ്ടമായില്ല. തുടർന്ന് ഒറ്റ മുറിയും അടുക്കളയുമുള്ള ഒരു വീട്ടിലേക്ക് ഞങ്ങൾ താമസം മാറ്റി. സമീപത്തുള്ള കോളനി നിവാസികൾ കുടുംബശ്രീ വിവരങ്ങൾ അറിയാൻ വീട്ടിലേക്ക് വരാൻ തുടങ്ങിയപ്പോൾ അവിടുത്തെ വീട്ടുടമസ്ഥനും അതിഷ്ടമായില്ല. മദ്യപിച്ചു വന്ന് ഞങ്ങളെ വീട്ടിൽ നിന്നും ഇറക്കി വിട്ടു. ഉറങ്ങിക്കിടന്ന മക്കളെ വിളിച്ചുണർത്തി പായയും പാത്രങ്ങളും പെറുക്കിയെടുത്ത് അന്നു രാത്രി തന്നെ അവിടെ നിന്നിറങ്ങി. അയൽപക്കത്തുള്ള ഒരു വീടിന്റെ കാർപോർച്ചിലിരുന്ന് നേരം വെളുപ്പിച്ചു.

പിറ്റേ ദിവസം മുതൽ പുതിയ വീടിനായി തിരച്ചിൽ തുടങ്ങി. ഭർത്താവിന് ഒരു ദിവസം വെറും നാല്പത് രൂപയാണ് കൂലി. അഡ്വാൻസും വാടകയുമടക്കം 2500 രൂപ കൊടുക്കാൻ കഴിയാഞ്ഞതിനാൽ വീട് കിട്ടിയില്ല. തുടർന്ന് ഭർത്താവിന്റെ ചേട്ടന്റെ വീട്ടിൽ ചെന്നു. അവർ വാടകയ്ക്കു കൊടുക്കാൻ വേണ്ടിയിട്ടിരുന്ന വീടിന്റെ ഒരു ഭാഗത്ത് താമസിക്കാൻ അനുവാദം ചോദിച്ചെങ്കിലും അനു



*മായ ശശിധരൻ*

വദിച്ചില്ല. ഇതിനിടയിൽ ഭർത്താവ് സ്ഥിരമായി മദ്യപിക്കാനും എന്നെ ഉപദ്രവിക്കാനും തുടങ്ങി. പലപ്പോഴും ആത്മഹത്യയ്ക്കു മുതിർന്ന എന്നെ മക്കളുടെ മുഖമാണ് അതിൽ നിന്നും പിന്തിരിപ്പിച്ചത്. ഈ സമയത്താണ് ഭർത്താവിന്റെ അച്ഛൻ സ്ഥലം വിറ്റ് വീട് വാങ്ങാൻ കുറച്ച് പണം തന്നത്. അത് വലിയ അനുഗ്രഹമായി. ബാക്കി തുകയ്ക്ക് ലോൺ എടുത്ത് പുതിയ വീട്ടിലേക്ക് മാറി.

ചൂർണ്ണിക്കര പഞ്ചായത്തിന്റെ പ്രഥമ സി.ഡി.എസ് ചെയർപേഴ്സൺ ഞാനായിരുന്നു. പിന്നീട് മൂന്നു വട്ടം ഞാൻ തുടർച്ചയായി അവിടെ സി.ഡി.എസ് ചെയർപേഴ്സണായി. പിന്നീട് കീഴ്മാടിലേക്ക് താമസം മാറിയപ്പോൾ ചെയർപേഴ്സൺ സ്ഥാനം രാജി വച്ചു. തുടർന്ന് ആശ്രയ പദ്ധതിയുടെ ജില്ലാ ഫാക്കൽറ്റിയായി.

റസിഡൻഷ്യൽ പരിശീലങ്ങൾക്ക് പോകേണ്ടി വരുമ്പോൾ ഭർത്താവ് വളരെയധികം പ്രശ്നങ്ങൾ ഉണ്ടാക്കുമായിരുന്നു. കഴുത്തിൽ തോർത്തുമുണ്ടിട്ടു മുറുക്കിയും മുഖത്തു തലയണ അമർത്തിയും എന്നെ പലവട്ടം കൊല്ലാൻ ശ്രമിച്ചു. അലമാരയുടെ ചില്ലുകൾ അടിച്ചു പൊട്ടിച്ചു. എന്റെയും മക്കളുടെയും വസ്ത്രങ്ങൾ നശിപ്പിച്ചു. ആഹാരം പോലും എടുത്തു കളയും. മറ്റൊരിക്കൽ ആത്മഹത്യയ്ക്കൊരുങ്ങി. ജോലിക്കും പോകാതെയായി. ഇത്രയുമായപ്പോൾ ജില്ലാ മിഷൻ അധികൃതർ ഇടപെട്ട് അദ്ദേഹത്തോട് വളരെ കാര്യമായി സംസാരിക്കുകയും ഉപദേശിക്കുകയും ചെയ്തു. ഇതോടെ ചെറിയ മാറ്റങ്ങൾ കണ്ടുതുടങ്ങി

ഇക്കഴിഞ്ഞ നാല് വർഷമായി ഞാൻ ജോലി ചെയ്ത് അദ്ദേഹത്തിനും എന്റെ മക്കൾക്കും ഒരു കുറവും വരുത്താതെ കുടുംബം പുലർത്തുന്നു. എനിക്കിന്ന് എല്ലവിധ പിന്തുണയുമായി അദ്ദേഹം കൂടെയുണ്ട്. ഞാൻ തിരഞ്ഞെടുത്ത വഴി ശരിയായിരുന്നു എന്ന് അദ്ദേഹത്തിന് ബോദ്ധ്യമായതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്. എന്നെ തള്ളിപ്പറഞ്ഞ ബന്ധുക്കൾക്ക് ഞാൻ ഒഴിച്ചുകൂടാനാവാത്ത വ്യക്തിയായി. പണ്ട് ഒറ്റയ്ക്ക് അൽപദൂരം പോലും യാത്ര ചെയ്യാൻ ഭയന്നിരുന്ന ഞാൻ ഇന്ന് കേരളത്തിലെമ്പാടും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു.'കില' എന്ന പരിശീലന സ്ഥാപനത്തിലൂടെ കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നല്കുന്നു. അടുത്തയിടെ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിയുടെ ഭാഗമായി ഹൈദരബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിൽ സംസ്ഥാന മിഷൻ ടീമിനൊപ്പം പങ്കെടുക്കാൻ എനിക്കു സാധിച്ചു. ഇതിനെല്ലാം എന്നെ പ്രാപ്തയാക്കിയത് കുടുംബശ്രീയാണ്.

***(എറണാകുളം ജില്ലയിലെ കീഴ്മാട് പഞ്ചായത്തിലെ ഐശ്വര്യ അയൽക്കൂട്ട അംഗവും കുടുംബശ്രീയുടെ സംസ്ഥാനതല ട്രെയിനിംഗ് ഗ്രൂപ്പായ അവേക്കിന്റെ സെക്രട്ടറിയുമായ മായ ശശിധരന്റെ വിജയനുഭവ കഥയിൽ നിന്ന്)***

## ഉണരുന്ന സ്ത്രീജീവിതത്തിന്റെ നേർകാഴ്ചയായി കുടുംബശ്രീ നാടകോത്സവം





*കുടുംബശ്രീ 15 -ാം വാർഷികത്തോടനുബന്ധിച്ച് നടന്ന സംസ്ഥാനതല നാടകോത്സവത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയ നാടകങ്ങൾ ഇടത്തുനിന്നും ശ്രീ ശ്രീ കുടുംബശ്രീ (പാലക്കാട്) ഉൾക്കാഴ്ച (കോട്ടയം).*

കുടുംബശ്രീ 15-ാം വാർഷികത്തിന്റെ ഭാഗമായി നടന്ന സംസ്ഥാന തല നാടക മത്സരത്തിൽ പാലക്കാട് ജില്ല അവതരിപ്പിച്ച ശ്രീ ശ്രീ കുടുംബശ്രീ ഒന്നാമതായി. കോട്ടയത്തിന്റെ ഉൾക്കാഴ്ചയാണ് മികച്ച രണ്ടാമത്തെ നാടകം. കൊല്ലം ജില്ലയുടെ ശാക്തീകരണത്തിന്റെ സംഗീതം മൂന്നാം സ്ഥാനം നേടി. പത്തനംതിട്ടയുടെ ഇനിയൊട്ടും വൈകരുത് എന്ന നാടകത്തിന്റേതാണ് മികച്ച കഥ.

മികച്ച രണ്ടാമത്തെ നടിയായി തിരഞ്ഞെടുക്കപ്പെട്ട ലതാമോഹനാണ് ശ്രീ ശ്രീ കുടുംബശ്രീയുടെ രചനയും സംവിധാനവും നിർവഹിച്ചത്. സാമ്പത്തിക പ്രതിസന്ധി മൂലം



*ഇനിയൊട്ടും വൈകരുത്
(പത്തനംതിട്ട)*

ഉഴലുന്ന സാധാരണ കുടുംബത്തിന്റെ കഥയാണ് നാടത്തിലെ പ്രമേയം. ബ്ലേഡ് സംഘത്തിൽ നിന്നും പണം പലിശയ്ക്കെടുത്ത് ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുന്ന കുടുംബത്തെ കുടുംബശ്രീ പ്രവർത്തകർ ജീവിതവിജയത്തിലേക്ക് നയിക്കുന്ന കഥയുമായാണ് പാലക്കാട് ജില്ല അരങ്ങിലെത്തിയത്.

സമൂഹം നല്കിയ അപമാനത്തിൽ മനം നൊന്ത് ആത്മഹത്യയ്ക്കൊരുങ്ങുന്ന പെൺകുട്ടിയെ കുടുംബശ്രീ പ്രവർത്തകർ ആത്മധൈര്യം നല്കി ജീവിതത്തിലേക്ക് തിരികെയെത്തിക്കുന്നതും ധാർമികബോധത്തോടെ പ്രവർത്തിക്കുന്ന മാധ്യമങ്ങളാണ് ഈ സമൂഹത്തിലുള്ളതിൽ ഏറെയെന്നും ഓർമ്മിപ്പിക്കുകയാണ് കോട്ടയം ജില്ല അവതരിപ്പിച്ച ഉൾക്കാഴ്ചകൾ എന്ന നടകത്തിൽ. നീറുന്ന ഗാർഹിക പ്രശ്നങ്ങളിൽ നിന്ന് കുടുംബശ്രീ സംവിധാനത്തിന്റെ തണലിലേക്ക് മാറുന്ന സ്ത്രീജീവിതത്തിന്റെ നേർക്കാഴ്ചയാണ് കൊല്ലം ജില്ലയൊരുക്കിയ ശാക്തീകരണത്തിന്റെ സംഗീതം എന്ന നാടകം. ജെൻഡർ റിസോഴ്സ് പേഴ്സൺ കോ-ഓർഡിനേറ്റർ ആർ.ബീനയാണ് നാടകത്തിന്റെ രചനയും സംവിധാനവും നിർവഹിച്ചത്.

തിരുവനന്തപുരം ജില്ലയുടെ നേർകാഴ്ചകൾ എന്ന നാടകത്തിൽ പീഡനത്തിനിരയാകുന്ന പെൺകുട്ടിയുടെ അമ്മയുടെ വേഷം ഉജ്ജ്വലമാക്കിയ നഗരൂർ സി.ഡി.എസിലെ സ്മിതയാണ് മികച്ച നടി.

തൃശൂർ സ്കൂൾ ഓഫ് ഡ്രാമയിലെ അദ്ധ്യാപകൻ ഷിബു. എസ്.കൊട്ടാരം, തിരുവനന്തപുരം നിരീക്ഷ വിമൻസ് തിയറ്ററിന്റെ ഭാരവാഹികളായ രാജരാജേശ്വരി, സുധി എന്നിവരായിരുന്നു വിധികർത്താക്കൾ. നാടകാവതരണം ചിട്ടപ്പെടുത്തൽ മാത്രമല്ല സമർത്ഥമായ ഇടപെടൽ കൂടിയാണെന്ന് വ്യക്തമാക്കുന്നതായിരുന്നു കുടുംബശ്രീ നാടകോത്സവമെന്ന് വിധികർത്താക്കൾ അഭിപ്രായപ്പെട്ടു.



*കുടുംബശ്രീ സംസ്ഥാനതല നാടകോത്സവത്തിൽ മികച്ച നടിയായി തിരഞ്ഞെടുത്ത തിരുവനന്തപുരം നഗരൂർ സി ഡി എസിലെ സ്മിത*

## കുടുംബശ്രീ വിപണനമേള



കുടുംബശ്രീ 15-ാം ജില്ലാതല വാർഷികത്തോടനുബന്ധിച്ച് കണ്ണൂർ നഗരസഭാ ഓഫീസ് പരിസരത്ത് നടത്തിയ കുടുംബശ്രീ വിപണന മേള ഗ്രാമവികസന-സാംസ്കാരിക വകുപ്പ് മന്ത്രി കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്തു.

തനിമ, പരിശുദ്ധി, കേരളീയത എന്നിവ മുഖമുദ്രയാക്കി കേരളത്തിന്റെ തനിമയാർന്ന വിഭവങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായാണ് മേള സംഘടിപ്പിച്ചത്.

വിവിധയിനം ചക്കവിഭവങ്ങൾ, 51 തരം അച്ചാറുകൾ, പലഹാരങ്ങൾ, മലബാറി വിഭവങ്ങൾ, വിവിധ തരം പായസം, കറിപ്പൊടികൾ, ധാന്യപ്പൊടികൾ, വിഷവിമുക്ത പച്ചക്കറികൾ, തേൻ ഉല്പന്നങ്ങൾ, നേന്ത്രക്കുല, കരകൗശല വസ്തുക്കൾ, സോപ്പ് ഉല്പന്നങ്ങൾ,തുടങ്ങി വൈവിധ്യമാർന്ന ഉല്പന്നങ്ങളാണ് മേളയിൽ നിരന്നത്.

കുടുംബശ്രീ പ്രവർത്തകരായ മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാരാണ് മേളയിൽ ഉല്പന്നങ്ങൾ വിറ്റഴിച്ചത്. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ എം.വി. പ്രേമരാജൻ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ടി. ഷാഹുൽഹമീദ്, എസ്.ഡി.ഒ ജിതിൻ എന്നിവർ മേളയ്ക്ക് നേതൃത്വം നൽകി.

# ഒരു വർഷത്തിനുള്ളിൽ ലക്ഷം പേർക്ക് തൊഴിൽ: സി.ഡി.എസ് ചെയർപേഴ്സൺമാർക്ക് ത്രിദിന പരിശീലനം നല്കി

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെയും കുടുംബശ്രീയുടെയും സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി അടുത്ത ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം കുടുംബശ്രീ അംഗങ്ങൾക്ക് തൊഴിൽ നല്കുന്ന വികസന ക്യാമ്പെയ്ന്റെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിൽ നിന്നുമുള്ള 1072 സി.ഡി.എസ് ചെയർപേഴ്സൺമാർക്ക് കോഴിക്കോട് മീഞ്ചന്ത ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ മൂന്നു ദിവസത്തെ പരിശീലനം നല്കി. 15-ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ചായിരുന്നു പരിശീലനം.

സ്കിൽ ട്രെയിനിങ്ങ്, സംഘകൃഷി, സ്വയംസംരംഭക പദ്ധതികൾ എന്നിവയിലൂടെ ഉപജീവനം കണ്ടെത്തുന്നതിന് കുടുംബശ്രീ അംഗങ്ങളെ പ്രാപ്തരാക്കുക എന്നതാണ് പരിശീലനത്തിലൂടെ ലക്ഷ്യമിട്ടത്.

2014 മാർച്ചിനുള്ളിൽ സംസ്ഥാനത്തെ ഓരോ സി.ഡി.എസിന്റെയും കീഴിൽ കുറഞ്ഞത് 150 പേർക്കെങ്കിലും ഉപജീവന മാർഗം ലഭ്യമാക്കുകയാണ് വികസനപാഠശാലയുടെ മുഖ്യലക്ഷ്യങ്ങളിലൊന്ന്. ഇതിനായി ചെറുകിട സംരംഭങ്ങൾ, സ്കിൽ ട്രെയിനിംഗ് ആൻഡ് പ്ലേസ്മെന്റ്, സംഘകൃഷി എന്നീ മേഖലകളിലൂടെ ഇത് കണ്ടെത്താൻ സി.ഡി.എസ് പ്രവർത്തകർ സഹായിക്കണം.

45 പേർ വീതമുള്ള 24 ബാച്ചുകളായാണ് പരിശീലന പരിപാടി നടത്തിയത്. സ്കൂൾ വിദ്യാഭ്യാസ കാലത്തെ അനുസ്മരിപ്പിക്കും വിധമായിരുന്നു. മൂന്നു ദിവസത്തെ വികസന പാഠശാല. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി. വൽസല കുമാരി പ്രധാന അദ്ധ്യാപികയായി ഓരോ ദിവസവും ക്ളാസ് തുടങ്ങും മുമ്പ് പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു.

ആദ്യ ദിവസം സ്കിൽ ട്രെയിനിംഗ്, സംഘകൃഷി എന്നീ വിഷയങ്ങളിലും രണ്ടാം ദിവസം സാമൂഹ്യസുരക്ഷ, സ്ത്രീപദവി സ്വയംപഠന പ്രക്രിയ, ആശ്രയ, ബാലസഭ എന്നീ വിഷയങ്ങളിലും സി.ഡി.എസ് ചെയർപേഴ്സൺമാർക്ക് പ്രത്യേക പരിശീലനം നല്കി.

ഒരു ലക്ഷം പേർക്ക് തൊഴിൽ- ക്യാമ്പെയ്ന്റെ പ്രസക്തിയും പ്രാധാന്യവും പ്ളേസ്മെന്റ് എന്നീ വിഷയങ്ങളെക്കുറിച്ച് ദേശീയ ഗ്രാമീണ ഉപജീവന മിഷൻ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ശാരദാ മുരളീധരൻ ഐ.എ.എസ് സംസാരിച്ചു. മൂന്നാം ദിവസം ആരോഗ്യം-പകർച്ചവ്യാധി നിർമാർജനം എന്നീ വിഷയങ്ങളിലും പ്രത്യേക പരിശീലനം നല്കി.

പരിശീലന പരിപാടിയുടെ സമാപനദിവസം ഓരോ ജില്ലാമിഷൻ ഭാരവാഹികളുടെയും നേതൃത്വത്തിൽ സി.ഡി.എസ് ചെയർപേഴ്സൺമാരുമായി ചർച്ച ചെയ്ത് അതത് ജില്ലകളിൽ ഉപജീവനത്തിനും സാമൂഹ്യസുരക്ഷയ്ക്കുമായി പ്രത്യേക കർമപദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചു. കുടുംബശ്രീ സംസ്ഥാന-ജില്ലാതല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലായിരുന്നു പരിശീലനം.

## ശില്പശാല

മലപ്പുറം ജില്ലയിൽ കുടുംബശ്രീ ആനക്കയം ഗ്രാമപഞ്ചായത്ത് കാലിക്കറ്റ് സർവകലാശാല ലൈഫ്ലോംങ് ലേണിംങ് ആന്റ് എക്സ്റ്റൻഷൻ ഡിപ്പാർട്ട്മെന്റ് എന്നിവ സംയുക്തമായി പഠനവൈകല്യമുള്ള കുട്ടികൾക്കായി ക്യാമ്പ് സംഘടിപ്പിച്ചു.

ക്യാമ്പ് പഞ്ചായത്ത് പ്രസിഡന്റ് കെ വി മുഹമ്മദലി ഉദ്ഘാടനം ചെയ്തു. സി.ഡി.എസ് ചെയർപഴ്സൺ വി.പി ഫാത്തിമ അദ്ധ്യക്ഷത വഹിച്ചു. ഡോ അനൂപാറാണി, പ്രിയാവേണുഗോപാൽ, കെ എം ഫൈസൽ റഹ്മാൻ, കെ കെ അബ്ദുള്ള വടകര, മുഹമ്മദ് മമ്പാട് എന്നിവർ ക്യാമ്പിന് നേതൃത്വം നല്കി.

# അയൽക്കൂട്ടങ്ങൾക്ക് പലിശരഹിത കാർഷികവായ്പ പരിഗണനയിൽ: മന്ത്രി. ഡോ.എം.കെ.മുനീർ



അയൽക്കൂട്ടങ്ങൾക്ക് പലിശരഹിത കാർഷിക വായ്പ നല്കുന്ന കാര്യം പരിഗണിച്ചു വരികയാണെന്ന് പഞ്ചായത്ത്-സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ.മുനീർ പറഞ്ഞു. സംസ്ഥാനത്തെ കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർക്കുള്ള മൂന്നു ദിവസത്തെ പരിശീലനം കോഴിക്കോട് മീഞ്ചന്ത ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ഏഴു ശതമാനം പലിശ നിരക്കിലാണ് ഇപ്പോൾവായ്പ നല്കുന്നത്. ഇത് കുറയ്ക്കുന്ന കാര്യവും പരിഗണിക്കും.

ഇന്ത്യയിലെ ശ്രദ്ധേയമായ മിഷൻ എന്ന നിലയിൽ എല്ലാവരും കുടുംബശ്രീയിൽ പ്രതീക്ഷയർപ്പിച്ചിരിക്കുകയാണ്. ഇത് നമ്മുടെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുകയാണ്. ഈ പ്രതീക്ഷകൾ നിറവേറ്റിക്കൊണ്ട് കുടുംബശ്രീ സംവിധാനത്തിന്റെ കാര്യശേഷി ബോധ്യപ്പെടുത്തി മുന്നേറുക എന്നതാണ് നമുക്കു മുന്നിലുള്ള വെല്ലുവിളി. ആ വെല്ലുവിളി ഏറ്റെടുക്കൻ സജ്ജരാണെന്ന തെളിവാണ് വികസന പാഠശാലയിൽ എത്തിച്ചേർന്ന ഓരോ കുടുംബശ്രീ പ്രവർത്തകരുമെന്ന് മന്ത്രി പറഞ്ഞു. നിർദ്ധന കുടുംബങ്ങളെ കടക്കെണിയിലെത്തിച്ച ബ്ളേഡ് പലിശക്കാരിൽ നിന്നും കേരളത്തെ രക്ഷിച്ചത് കുടുംബശ്രീയുടെ പ്രവർത്തനമാണെന്നും മന്ത്രി പറഞ്ഞു.

എല്ലാവരും ഒത്തൊരുമിച്ച് ഒരു പരിശീലനക്കളരിയിൽ സംഗമിക്കുന്നു എന്നത് ചരിത്രമുഹൂർത്തമാണെന്നും സമൂഹത്തിന്റെ ഏറ്റവും താഴേത്തട്ടിൽ നില്ക്കുന്നവരുടെ സുരക്ഷ ഏറ്റെടുക്കേണ്ടത് നാം ഓരോരുത്തരുടേയും ധർമമാണെന്നും കുടുംബശ്രീ എക്സിക്യുട്ടീവ് ഡയറക്ടർ കെ.ബി. വൽസലകുമാരി അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. നഗരസഭാ സ്ഥിരം സമിതി അദ്ധ്യക്ഷ പി.ഉഷാദേവി , പ്രോഗ്രാം ഓഫീസർ എൻ. ജഗജീവൻ തുടങ്ങിവർ സംസാരിച്ചു. അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി സി.എം യൂസഫ്, കുടുംബശ്രീ എക്സിക്യുട്ടീവ് കമ്മിറ്റി അംഗം എസ്.പി.കുഞ്ഞഹമ്മദ്, ഗവേണിംഗ് ബോഡി അംഗങ്ങളായ കെ.ലീല, രാജേന്ദ്രൻ അരങ്ങത്ത്, എന്നിവർ പങ്കെടുത്തു. കുടുംബശ്രീ എക്സിക്യുട്ടീവ് കമ്മിറ്റി അംഗം അഡ്വ.എൻ.എ ഖാലിദ് സ്വാഗതവും കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ കെ.കെ.മുഹമ്മദ് ഫൈസൽ നന്ദിയും പറഞ്ഞു.

## കുടുംബശ്രീ സംരംഭക സംഗമം



കുടുംബശ്രീ 15-ാം സംസ്ഥാനതല വാർഷികത്തോടനുബന്ധിച്ച് കോഴിക്കോട് സ്വപ്നനഗരിയിൽ നടന്ന സംരംഭക സംഗമം തിരുവമ്പാടി എം.എൽ.എ സി.മോയിൻകുട്ടി ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല അദ്ധ്യക്ഷത വഹിച്ചു.

സ്വതന്ത്രവും കൂട്ടായതുമായ പ്രവർത്തനമാണ് കുടുംബശ്രീ പ്രവർത്തകർ കാഴ്ചവയ്ക്കേണ്ടതെന്ന് സി.മോയിൻകുട്ടി എം.എൽ.എ പറഞ്ഞു. സംരംഭക സംഗമത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നൂറിലേറെ കുടുംബശ്രീ സംരംഭകർ പങ്കെടുത്തു. കുടുംബശ്രീ ജില്ലാ മിഷൻ അസി.കോ-ഓർഡിനേറ്റർമാരായ കെ.സി.ഹമീദ്, പി.കെ.അസീസ്, എം.ഇ.സി.കൺസൾട്ടന്റ് എം.പി.പ്രബിത് തുടങ്ങിയവർ സംസാരിച്ചു.

# വയനാട് ഇടുക്കി ജില്ലകളിൽ കുടുംബശ്രീ പാലിയേറ്റീവ്

## • വീടുകളിൽ മരുന്നും ആരോഗ്യ സേവനവും ഉറപ്പാക്കും

വീടുകളിൽ ആരോഗ്യ സേവനവും മരുന്നും ഉറപ്പാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയും കുടുംബശ്രീയും പെയിൻ ആൻഡ് പാലിയേറ്റീവ് യൂണിറ്റുകളും ചേർന്ന് സാന്ത്വന പരിചരണ പദ്ധതി നടപ്പാക്കുന്നു. ചികിത്സ, മരുന്ന് വിതരണം, പരിചരണം, തുടങ്ങിയവ ശാസ്ത്രീയമായി നടപ്പാക്കാൻ പഞ്ചായത്തുകളിലെ കമ്മ്യൂണിറ്റി പാലിയേറ്റീവ് നഴ്സുമാരുടെ സേവനം ഉറപ്പുവരുത്തും.

കുടുംബശ്രീ മുഖേന നടപ്പാക്കുന്ന അഗതി-ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കളിൽ കിടപ്പിലായവർക്കും ചലനശേഷിയില്ലാതെ പ്രയാസപ്പെടുന്നവർക്കും വീട്ടിൽ ഒറ്റപ്പെട്ട് കഴിയുന്ന രോഗികൾക്കും പരസഹായവും അടിസ്ഥാന പരിചരണവും ലഭ്യമാക്കും. കൂടാതെ ഒരു നിശ്ചിത ദിവസം ആശ്രയ ഗുണഭോക്താക്കൾക്ക് പ്രത്യേകമായി നഴ്സിംഗ് പരിചരണവും മരുന്ന് വിതരണവും നടത്തും. ഇതിനു മുന്നോടിയായി പരിശീലനം ലഭിച്ച നഴ്സുമാരെ പഞ്ചായത്തുകളിൽ നിയമിക്കും. നഴ്സുമാർക്കുള്ള പരിശീലന ഫീസും സ്റ്റൈപന്റും കുടുംബശ്രീ വഹിക്കും. പരിശീലനം പൂർത്തിയാക്കിയവരെ കമ്മ്യൂണിറ്റി പാലിയേറ്റീവ് നഴ്സുമാരായി നിയമിക്കും. ഇവർക്ക് 6000 രൂപ ഓണറേറിയം നൽകും.

സംസ്ഥാന റിസോഴ്സ് സെന്റർ ഇൻ പാലിയേറ്റീവ് കെയറിന്റെ അംഗീകാരമുള്ള പാലിയേറ്റീവ് കെയർ ട്രെയിനിംഗ് സെന്ററുകളിലാണ് പരിശീലനം. കമ്മ്യൂണിറ്റി പാലിയേറ്റീവ് നഴ്സുമാരെ നിയമിക്കുന്നതോടെ അഗതി-ആശ്രയ ഗുണഭോക്താക്കൾക്ക് മരുന്നും തുടർ ചികിത്സയും നഴ്സിംഗ് പരിചരണവും ആരോഗ്യ സേവനവും വീടുകളിൽ ഉറപ്പാക്കാനാകും.

വയനാട്, ഇടുക്കി ജില്ലകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നത്. വയനാട് ജില്ലയിലെ 26 പാലിയേറ്റീവ് നഴ്സുമാർക്കും പദ്ധതിയുമായി ബന്ധപ്പെട്ട് ഏകദിന ശിൽപശാല നടത്തി. കുടുംബശ്രീ വയനാട് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി. പി. മുഹമ്മദ് ശില്പശാല ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ കേരള ഘടകം പ്രസിഡന്റ് എം. ജി. പ്രവീൺ അദ്ധ്യക്ഷത വഹിച്ചു.

ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ കേരളാ ഘടകം സെക്രട്ടറി രമേശ് പുൽപ്പള്ളി, കുടുംബശ്രീ കൺസൾട്ടന്റ് എൻ. പി ഷിബു എന്നിവർ പദ്ധതി വിശദീകരിച്ചു. കുടുംബശ്രീ പബ്ളിക് റിലേഷൻസ് ഓഫീസർ അജിത് വെണ്ണിയൂർ മുഖ്യപ്രഭാഷണം നടത്തി. പെയിൻ ആൻഡ് പാലിയേറ്റീവ് ജില്ലാ കോ-ഓർഡിനേറ്റർ പി. സ്മിത സ്വാഗതം പറഞ്ഞു.

# സംസ്ഥാനത്തെ മികച്ച ഗ്രാമ-നഗര സി.ഡി.എസുകൾ 2012-2013

## മികച്ച ഗ്രാമ സി.ഡി.എസുകളും സാരഥികളും

**എടയ്ക്കാട്ടുവയൽ**
എറണാകുളം



രമണി അയ്യപ്പൻ

**പനമരം**
വയനാട്



രാധാ ബാലൻ

**ആലങ്കോട്**
മലപ്പുറം



സിന്ധു.കെ.

**നടത്തറ**
തൃശൂർ



മേഴ്സി ഗോപി

**പാമ്പാടുംപാറ**
ഇടുക്കി



ലില്ലിക്കുട്ടി വർഗീസ്

## മികച്ച നഗര സി.ഡി.എസുകളും സാരഥികളും

**കൂത്തുപറമ്പ്**
കണ്ണൂർ



കെ.അജിത

**കൽപ്പറ്റ**
വയനാട്



സിന്ധു ഓ.ജി

**കാസർകോട് നഗരസഭ**
കാസർകോട്



ഷക്കീല മജീദ്

**പാലക്കാട് നോർത്ത്**
പാലക്കാട്



ബേബി ചന്ദ്രൻ

**ചേർത്തല**
ആലപ്പുഴ



ജലജാമണി

ഒന്നാംപേജ് തുടർച്ച ⇨

കാനാകുന്ന പ്രവർത്തനങ്ങളുമായി കുടുംബശ്രീ മുന്നിട്ടിറങ്ങുന്നു. ഇതിനാവശ്യമായ വായ്പകൾ ഏഴ് ശതമാനം പലിശക്ക് സംസ്ഥാന സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ടെന്നും ധനമന്ത്രി പറഞ്ഞു. മികച്ച ലിങ്കേജ് നല്കിയ ബാങ്കിനുള്ള അവാർഡ് ഇന്ത്യൻ ഓവർസീസ് ബാങ്ക് സീനിയൽ റീജണൽ മാനേജർ ജെ.സൂര്യനാരായണ, ചീഫ് മാനേജർ ഗോപി മോഹൻ.പി എന്നിവർക്ക് ധനമന്ത്രി കെ.എം മാണി സമ്മാനിച്ചു.

## നാടകോത്സവം

കുടുംബശ്രീ കണ്ണൂർ ജില്ലാതല വാർഷികാഘോഷത്തിൽ സ്ത്രീസുരക്ഷയെ ആധാരമാക്കി നടത്തിയ നാടകോത്സവം കളക്ടർ ഡോ.രത്തൻ കേൽക്കർ ഉദ്ഘാടനം ചെയ്തു. വിവിധ മേഖലയിലെ കുടുംബശ്രീകളിൽ നിന്നായി എട്ട് നാടകങ്ങളാണ് അരങ്ങിൽ അവതരിപ്പിച്ചത്. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ എം.വി. പ്രേമരാജൻ അധ്യക്ഷനായി. അസി.കോ-ഓർഡിനേറ്റർമാരായ കെ.എം. സ്വപ്ന, ടി. ഷാഹുൽഹമീദ്, പഞ്ചായത്ത് പ്രസിഡന്റുമാരുടെ സംസ്ഥാന പ്രസിഡന്റ് പി.ടി. മാത്യൂ, എന്നിവർ സംസാരിച്ചു. കൂത്തുപറമ്പ്, ഉളിക്കൽ എന്നീ സി.ഡി.എസ്സുകൾ അവരിപ്പിച്ച നാടകങ്ങൾ സമ്മാനാർഹമായി.

## സി.ഡി.എസ് ചെയർപേഴ്സൺമാരുടെ ഓണറേറിയം വർദ്ധിപ്പിക്കും:

**മന്ത്രി ഡോ.എം.കെ.മുനീർ**

കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർക്കുള്ള ഓണറേറിയം 4000 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന് പഞ്ചായത്ത്-സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ.മുനീർ പറഞ്ഞു. ഇതിന്റെ ഉത്തരവ് ഉടൻ ഇറക്കുമെന്നും മന്ത്രി പറഞ്ഞു. കോഴിക്കോട്ട് മീഞ്ചന്ത ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ സി.ഡി.എസ് ചെയർപേഴ്സൺമാർക്കുള്ള വികസന പാഠശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സി.ഡി.എസ് ചെയർപേഴ്സൺമാർ അതത് പ്രദേശത്തെ സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ളവരെ കണ്ടെത്തി കുടുംബത്തിന്റെ സാമ്പത്തിക ഉന്നമനത്തിനായി ആവശ്യമായ ഇടപെടൽ നടത്തണമെന്നും മന്ത്രി പറഞ്ഞു.

## കുടുംബശ്രീയെ അടുത്തറിയാൻ ഹിമാചൽ മന്ത്രി



ഹിമാചൽ പ്രദേശ് പഞ്ചായത്ത്-ഗ്രാമവികസന മന്ത്രി അനിൽ ശർമ്മ സ്വപ്നനഗരിയിലെ കുടുംബശ്രീ ഉല്പന്ന വിപണന മേളയിലെ സ്റ്റാളുകൾ സന്ദർശിക്കുന്നു.

സ്ത്രീശാക്തീകരണത്തിൽ രാജ്യത്തിനു തന്നെ മാതൃകയായിരിക്കുന്ന കേരളത്തിന്റെ കുടുംബശ്രീയെ അടുത്തറിയാൻ ഹിമാചൽപ്രദേശ് മന്ത്രിയും. ഹിമാചൽ പ്രദേശിൽ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ചുമതലകൂടി വഹിക്കുന്ന പഞ്ചായത്ത്-ഗ്രാമവികസന മന്ത്രി അനിൽ ശർമയാണ് കോഴിക്കോട് സ്വപ്നനഗരിയിൽ നടന്ന കുടുംബശ്രീ ഉല്പന്ന ഭക്ഷ്യ-വിപണന മേളയിലെത്തിയത്. വയനാട്ടിൽ നടത്തിയ കുടുംബശ്രീ മേള സന്ദർശിച്ച ശേഷമാണ് മന്ത്രി കോഴിക്കോട്ടെത്തിയത്. കേരളത്തിലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായ മന്ത്രി സി.ഡി.എസ് പ്രവർത്തകർക്കുള്ള പരിശീലന കളരിയും സന്ദർശിച്ചു.

കേരളവും കുടുംബശ്രീയും തന്നെ അതിശയിപ്പിച്ചതായി മേള കണ്ടിറങ്ങിയ മന്ത്രി പറഞ്ഞു. 15 വർഷമായി കേരളത്തിൽ വിപ്ലവം സൃഷ്ടിച്ച് രാജ്യത്തിനുതന്നെ അഭിമാനമായിരിക്കുന്ന കുടുംബശ്രീ ഹിമാചൽപ്രദേശിൽ നടപ്പിലാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ. ഹിമാചൽ പ്രദേശിലെ സ്ത്രീകളെ സമൂഹത്തിന്റെ മുൻപന്തിയിലേക്ക് കൊണ്ടുവരാൻ കുടുംബശ്രീ അവിടെ നടപ്പിലാക്കുന്നതിലൂടെ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

കുടുംബശ്രീ വിപണന മേളയിൽ നിന്ന് ആറന്മുള കണ്ണാടി വാങ്ങിയ മന്ത്രി ഭക്ഷ്യമേളയുടെ രുചിയറിഞ്ഞാണ് മടങ്ങിയത്. മന്ത്രിയുടെ സ്പെഷ്യൽ സെക്രട്ടറി എസ്.എച്ച് ചൗഹാൻ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി.വൽസലകുമാരി, പ്രോഗ്രാം ഓഫീസർ ലിബി ജോൺസൺ എന്നിവരും മന്ത്രിക്കൊപ്പമുണ്ടായിരുന്നു. സന്ദർശനത്തിന് ശേഷം മന്ത്രി ഡോ.എം.കെ മുനീറുമായി നടത്തിയ ചർച്ചയിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ ഹിമാചൽപ്രദേശിലേക്ക് കൂടി വ്യാപിപ്പക്കുന്നതിനുള്ള സാധ്യതകൾ അനിൽ ശർമ വിലയിരുത്തി. കുടുംബശ്രീയുടെ എല്ലാവിധ പിന്തുണയും ഹിമാചൽ പ്രദേശിന് നൽകുമെന്ന് മന്ത്രി മുനീർ ഉറപ്പുനൽകി. പട്ടികവർഗ വിഭാഗങ്ങൾക്കായി ഹിമാചൽപ്രദേശിൽ നടത്തിയ പ്രവർത്തനങ്ങൾ കേരളത്തിൽ നടപ്പിലാക്കുന്നതിനെക്കുറിച്ചും മന്ത്രിമാർ ചർച്ച നടത്തി

## പുരസ്കാര നിറവിൽ ഗ്രാമ–നഗര സി.ഡി.എസുകൾ





മികച്ച ഗ്രാമ സി.ഡി.എസുകൾക്കുള്ള അവാർഡുദാനം മന്ത്രി പി. കെ. ജയലക്ഷ്മിയും മികച്ച നഗര സി.ഡി.എസുകൾക്കുള്ള അവാർഡ് ദാനം എം.ഐ ഷാനവാസ് എം.പിയും നിർവഹിക്കുന്നു.

കുടുംബശ്രീ 15-ാം സംസ്ഥാനതല വാർഷികാഘോഷങ്ങളോടനുബന്ധിച്ച് 2012-2013 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ച ഗ്രാമ-നഗര സി.ഡി.എസുകൾക്ക് പുരസ്കാരം നല്കി. മികച്ച സി.ഡി.എസുകൾക്ക് 2,75,000 രൂപയുടെ കാഷ് അവാർഡും ശില്പവും പ്രശസ്തിപത്രവും അടങ്ങുന്ന അവാർഡ് വാർഷിക സമാപന സമ്മേളനത്തിൽ സമ്മാനിച്ചു.

മികച്ച ഗ്രാമ സി.ഡി.എസുകൾക്ക് മന്ത്രി പി.കെ. ജയലക്ഷ്മിയും മികച്ച നഗര സി.ഡി.എസുകൾക്ക് എം.ഐ ഷാനവാസ് എം.പിയും അവാർഡുകൾ സമ്മാനിച്ചു. എടയ്ക്കാട്ടുവയൽ(എറണാകുളം), പനമരം (വയനാട്), ആലങ്കോട് (മലപ്പുറം), നടത്തറ (തൃശൂർ), പാമ്പാടുംപാറ (ഇടുക്കി) എന്നിവയാണ് മികച്ച ഗ്രാമ സി.ഡി.എസുകൾ.

എല്ലാ ജില്ലകളിൽ നിന്നും ജില്ലാതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട രണ്ട് സി.ഡി.എസുകൾ വീതമാണ് സംസ്ഥാനതല നിർണയത്തിന് അർഹത നേടിയത്. ഇപ്രകാരം എത്തിയ 28 സി.ഡി..എസുകളിൽ നിന്നാണ് ഏറ്റവും മികച്ച അഞ്ചു ഗ്രാമ സി.ഡി.എസുകള തിരഞ്ഞെടുത്തത്.

കൂത്തുപറമ്പ്(കണ്ണൂർ), കൽപ്പറ്റ (വയനാട്), കാസർകോട് മുനിസിപ്പാലിറ്റി(കാസർകോട്), പാലക്കാട് നോർത്ത്(പാലക്കാട്), ചേർത്തല(ആലപ്പുഴ) എന്നിവയാണ് മികച്ച നഗര സി.ഡി.എസുകൾ.

ആകെ 55 സി.ഡി.എസുകളാണ് അപേക്ഷിച്ചത്. ഇതിൽ നിന്നും സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് സംസ്ഥാനതല സി.ഡി.എസ് തിരഞ്ഞെടുപ്പിന് അർഹത നേടിയ 16 സി.ഡി.എസുകളിൽ നിന്നാണ് ഏറ്റവും മികച്ച അഞ്ചു നഗര സി.ഡി.എസുകളെ തിരഞ്ഞെടുത്തത്.

അയൽക്കൂട്ട പ്രവേശനം, ഗ്രേഡിംഗ്, ബാങ്ക് ലിങ്കേജ്, ആശ്രയ പദ്ധതിയുടെ നടത്തിപ്പ്, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ, നൂതന ആശയങ്ങൾ കണ്ടെത്തി നടപ്പാക്കുക തുടങ്ങിയ മാനദണ്ഡങ്ങൾ വച്ചാണ് മികച്ച സി.ഡി.എസിനെ തിരഞ്ഞെടുത്തത്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വി.എസ്.സെന്തിൽ അദ്ധ്യക്ഷനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി.വൽസലകുമാരി കൺവീനറുമായ 11 അംഗസമിതിയാണ് തിരഞ്ഞെടുപ്പ് നടത്തിയത്.

കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ എസ്.പി.കുഞ്ഞഹമ്മദ്, അഡ്വ. എൻ.എ ഖാലിദ്, ഗ്രാമവികസന വകുപ്പ് കമ്മീഷണർ, നഗരകാര്യ വകുപ്പ് ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഡയറക്ടർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് പ്രതിനിധി, നബാർഡ് പ്രതിനിധി ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള വിദഗ്ധ സമിതിയാണ് തിരഞ്ഞെടുപ്പ് നടത്തിയത്.

## കുടുംബശ്രീ സ്ത്രീകളുടെ പദവി ഉയർത്തി: മന്ത്രി സി.എൻ ബാലകൃഷ്ണൻ



തൃശൂരിൽ കുടുംബശ്രീ 15-ാം ജില്ലാതല വാർഷികപരിപാടി മന്ത്രി സി.എൻ. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

സമൂഹത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിൽ കുടുംബശ്രീ ഗണ്യമായ പങ്ക് വഹിച്ചിട്ടുള്ളതായി മന്ത്രി സി.എൻ. ബാലകൃഷ്ണൻ പറഞ്ഞു. കുടുംബശ്രീയുടെ പതിനഞ്ചാം വാർഷികാഘോഷത്തിന്റെ ഭാഗമായി കൊല്ലത്ത് ജില്ലാതല വാർഷികപരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മികച്ച പ്രവർത്തനം നടത്തിയ മാള, മുരിയാട്, നടത്തറ, വരവൂർ, വേളൂക്കര സി.ഡി.എസുകൾക്ക് മന്ത്രി പുരസ്കാരം സമ്മാനിച്ചു. തൊഴിലുറപ്പു പദ്ധതിയിൽ നൂറു ദിവസം തികച്ച അരിമ്പൂർ സ്വദേശി കുഞ്ഞിക്കാളിക്കും മുരിയാട് സ്വദേശി ലീലയ്ക്കും കെ. രാധാകൃഷ്ണൻ എം.എൽ.എ പുരസ്കാരം നൽകി.

നൂതന രീതികൾ അവലംബിച്ച സംഘകൃഷി യൂണിറ്റുകൾക്കുള്ള അവാർഡ് കുഴൂർ, പൊയ്യ ഗ്രാമപഞ്ചായത്തുകളിലെ സംഘങ്ങൾ നേടി. കർഷക സഹായകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ധനസഹായം പറപ്പൂക്കര സി.ഡി.എസിനും ജെൻഡർ കോർണർ പദ്ധതിപ്രകാരം നിർഭയ പരിശലനത്തിനുള്ള ധനസഹായം വരവൂർ സി.ഡി.എസിനും നൽകി.

തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ടി.ആർ. മായ, പി.കെ. ബിജു എം.പി, എം.എൽ.എമാരായ ടി.എൻ പ്രതാപൻ, ബി.ഡി. ദേവസ്സി, കെ.വി. അബ്ദുൾ ഖാദർ, പി.എ. മാധവൻ, എം.പി. വിൻസെന്റ്, കുടുംബശ്രീ ഗവേണിംഗ്ബോഡി അംഗം രാജേന്ദ്രൻ അരങ്ങത്ത്, മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അജിത്ത്കുമാർ, ജില്ലാമിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ഡോ. ബിന്ദു.പി വർഗ്ഗീസ് എന്നിവർ സംസാരിച്ചു. വിവിധ സി.ഡി.എസുകൾ കലാപരിപാടികൾ അവതരിപ്പിച്ചു.

# ആയിരങ്ങളുടെ ആശീർവാദത്തിൽ കുടുംബശ്രീയുടെ സമൂഹ വിവാഹം



കോട്ടയം ജില്ലയിൽ വാഴൂർ കുടുംബശ്രീ സി.ഡി.എസിന്റെ നേതൃത്വത്തിൽ നടന്ന സമൂഹ വിവാഹം നാടിന്റെ ഉത്സവമായി. കൊടുങ്ങൂർ ക്ഷേത്ര മൈതാനത്ത് ഒരുക്കിയ വിവാഹപ്പന്തലിലേക്ക് നൂറുകണക്കിന് ആളുകളാണ് വിവാഹചടങ്ങിൽ പങ്കെടുക്കുന്നതിനായി എത്തിച്ചേർന്നത്. 16 വധൂവരന്മാരും വിശിഷ്ടാതിഥികളും വേദിയിൽ നിറഞ്ഞപ്പോൾ ചടങ്ങ് കാണാൻ എത്തിയവരുടെ നിര പന്തലും മൈതാനവും നിറഞ്ഞ് റോഡിലേക്ക് നീണ്ടു.

കുടുംബശ്രീ പതിനഞ്ചാം സംസ്ഥാനതല വാർഷികത്തോടനുബന്ധിച്ച് വാഴൂർ പഞ്ചായത്തിലെ കുടുംബശ്രീ വാർഷികത്തിനാണ് വാഴൂർ പഞ്ചായത്തും കുടുംബശ്രീയും ചേർന്ന് മാതൃകാപരമായ ചടങ്ങ് സംഘടിപ്പിച്ചത്. 3785 കുടുംബശ്രീ പ്രവർത്തകർ സ്വന്തമായി നാല് ലക്ഷം രൂപ സംഘടിപ്പിച്ചു. വാഴൂർ ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ ഒരു മാസത്തെ ഓണറേറിയവും സംഭാവന നല്കി. ദമ്പതിമാർക്കുള്ള വിവാഹവസ്ത്രങ്ങൾ വാങ്ങാനായി വാഴൂർ ഫാർമേഴ്സ് സഹകരണ ബാങ്ക് 40,000 രൂപയാണ് നല്കിയത്. കൂടാതെ നിരവധി സുമനസ്സുകളുടെ സഹായവും കുടുംബശ്രീ പ്രവർത്തകർക്ക് ആശ്വാസമായി.

വിവാഹത്തിൽ പങ്കെടുത്ത യുവതികൾക്ക് ഒരു പവൻ താലിമാല, ദമ്പതികൾക്ക് പരസ്പരം കൈമാറാനുള്ള വിവാഹമോതിരം, പൂമാലകൾ, വധുവിനുള്ള വിവാഹ വസ്ത്രങ്ങൾ എന്നിവയും ഒരുക്കിയിരുന്നു. അയ്യായിരത്തോളം പേർക്ക് സദ്യയും നല്കി. വാഴൂർ സി.ഡി.എസിലെ ശ്രീനന്ദ കേറ്ററിംഗ് യൂണിറ്റിന്റെ നേതൃത്വത്തിലാണ് വിവാഹസദ്യയൊരുക്കിയത്. വാഴൂർ ഗ്രാമപഞ്ചായത്ത് മെമ്പറും 16-ാം വാർഡിലെ ശ്രേയസ് കുടുംബശ്രീ യൂണിറ്റിലെ അംഗവുമായ പി.കെ.ഉഷാകുമാരിയുടെ മകനും സമൂഹവിവാഹത്തിലൂടെ തന്റെ ജീവിതപങ്കാളിയെ സ്വന്തമാക്കിയപ്പോൾ അത് നാടിന് മറ്റൊരു മാതൃകയായി.

കെ.പി. സുനീഷ്കുമാർ-മഞ്ജു, പി.ടി. സന്തോഷ്-മഞ്ജുഷ, നിഥിൻ ജി. നായർ-ശ്രീജാമോഹൻ, മനോജ് തോമസ്-ഷിജി തോമസ്, സോണി ചാക്കോ-മെറിറ്റ മേരിജോൺ, എം.ഒ. വേണു-ജിനുമോൾ തോമസ്, സുധീഷ് ബാബു-കെ.പി. പ്രിജി, സിജോ-സരിത എന്നിവരാണ് നാടിന്റെ സാന്നിദ്ധ്യത്തിൽ വിവാഹിതരായത്. ആറുലക്ഷം രൂപയാണ് ചെലവായത്. ബാക്കി വന്ന 50,000 രൂപ നിർദ്ധനരായ രോഗികളുടെ ചികിത്സയ്ക്കായി കുടുംബശ്രീ സി.ഡി.എസ് ചാരിറ്റബിൾ ഫണ്ട് എന്ന പേരിൽ വാഴൂർ ഫാർമേഴ്സ് സഹകരണ ബാങ്കിൽ അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിച്ചിരിക്കുകയാണ്.

കൊടുങ്ങൂർ ദേവീക്ഷേത്ര മൈതാനത്ത് നടന്ന സമൂഹ വിവാഹസമ്മേളനം ആന്റോ ആന്റണി എം.പി ഉദ്ഘാടനം ചെയ്തു. നവദമ്പതികൾക്ക് വിവാഹവേദിയിൽ ഉപഹാരവും നല്കി. ഡോ.എൻ. ജയരാജ് എം.എൽ.എ അധ്യക്ഷത വഹിച്ചു.

ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയമെത്രാപ്പോലീത്ത പ്രഭാഷണം നടത്തി. വധൂവരന്മാർക്ക് അദ്ദേഹം ഉപഹാരങ്ങളും നല്കി. എം.ജി. യൂണിവേഴ്സിറ്റി പ്രോ വൈസ് ചാൻസലർ ഡോ. ഷീനാ ഷുക്കൂർ മുഖ്യപ്രഭാഷണം നടത്തി. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ശോഭാലക്ഷ്മി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എത്സമ്മ സജി, ജില്ലാപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ. സുരേഷ്കുമാർ, പഞ്ചായത്ത് പ്രസിഡന്റ് ജോസ്. കെ. ചെറിയാൻ, വാഴൂർ ഫാർമേഴ്സ് സഹകരണബാങ്ക് പ്രസിഡൻര് കാനം രാമകൃഷ്ണൻ നയർ, സി.ഡി.എസ് ചെയർപേഴ്സൺ പി.എ. റസീന, പ്രോഗ്രാം കൺവീനർ വി.എൻ. മനോജ് എന്നിവർ സംസാരിച്ചു.

സന്നദ്ധ സംഘടനകളും വ്യക്തികളും വധൂവരന്മാർക്ക് ഉപഹാരങ്ങൾ നൽകി. ത്രിതല പഞ്ചായത്ത് അംഗങ്ങൾ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സംഘടനാ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

Printed and published by K.B.Valsalakumari, Executive Director, Kudumbashree, State Poverty Eradication Mission- Government of Kerala, 2ndFloor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram 695011. Layout: Communique, Tvpm, Printed at: KBPS, Kochi. Managing Editor: Abbey Paul. Editor: Sanjay Kumar. Editorial Assistant: Asha.S. Panicker. email: spempro2012@gmail.com
For private circulation